LIBRARY ARCHIVES Kerala Legislative Assembly

മത്സ്യത്തൊഴിലാളികൾക്ക് വിവിധ സഹായ പദ്ധതികൾ

83 [1062] ശ്രീ. സി. ടി. അഹമ്മദ് അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികൾക്ക് വേണ്ടി എന്തെല്ലാം സഹായ പദ്ധതികളാണ് ഗവൺമെന്റ് നടപ്പിലാക്കിവരുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) പുതുതായി ഏതെല്ലാം സഹായ പദ്ധതികളാണ് ഗവൺമെന്റ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ഇക്കൊല്ലം മത്സ്യത്തൊഴിലാളികൾക്ക് ഏതെല്ലാം മേഖലയിൽ എത്ര ദിവസത്തേക്ക് സൗജന്യ റേഷൻ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇതു സംബന്ധിച്ച വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.†

(ബി) സമ്പൂർണ്ണ ഭവന നിർമ്മാണത്തിനുവേണ്ടി ഒരു പുതിയ പദ്ധതിക്ക് രൂപം നൽകി വരുന്നു.

(സി) വിവരം ശേഖരിച്ചുവരുന്നു.

തീരപ്രദേശങ്ങളിലെ സാമൂഹ്യ പശ്ചാത്തല സൗകര്യങ്ങൾ മെച്ചപ്പെടുത്താനുള്ള പദ്ധതികൾ

84 [1063] ഡോ. തോമസ് ഐസക്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരപ്രദേശങ്ങളിലെ സാമൂഹ്യ പശ്ചാത്തല സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് സർക്കാർ പ്രഖ്യാപിച്ച പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) ഈ പദ്ധതികൾകൊണ്ട് മത്സ്യത്തൊഴിലാളി കുടുംബങ്ങളുടെ സ്ഥിതി മെച്ചപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ടോ;

(സി) എന്തെല്ലാം പശ്ചാത്തല സൗകര്യങ്ങളാണ് പദ്ധതി മുഖേന നടപ്പിലാക്കിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) ഇല്ലെങ്കിൽ പ്രഖ്യാപിച്ച പദ്ധതികൾ നടപ്പിൽ വരുത്താതിരിക്കുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ;

(ഇ) തീരപ്രദേശങ്ങളിലെ മത്സ്യത്തൊഴിലാളി കുടുംബങ്ങളുടെ ജീവിത നിലവാരം മോശമായിക്കൊണ്ടിരിക്കുകയാണെന്നത് സർക്കാർ പരിഗണിക്കുമോ?

ഉത്തരം

(എ) നടപ്പിലാക്കിവരുന്നു.

(ബി) ഈ പദ്ധതി മുഖാന്തിരം മത്സ്യത്തൊഴിലാളി കുടുംബങ്ങളുടെ സ്ഥിതി മെച്ചപ്പെട്ടിട്ടുണ്ട്.

---

† അനുബന്ധം 9

(സി ആന്റ് ഡി) ആശുപത്രി, ഗൈഡുലൈറ്റുകൾ, കുടിവെള്ളം, റോഡുകൾ എന്നീ പശ്ചാത്തല സൗകര്യങ്ങളാണ് നടപ്പിലാക്കിയിരിക്കുന്നത്. 504 കോടി രൂപ അടങ്കൽ തുകയുള്ള പദ്ധതിയുടെ തുടക്കമെന്ന നിലയിൽ 2.28 കോടി രൂപ അനുവദിച്ചതുകൊണ്ട് പദ്ധതികൾക്ക് തുടക്കമിട്ടുകഴിഞ്ഞു. കൂടുതൽ തുക ലഭിക്കുന്ന മുറയക്ക് പദ്ധതികൾ പൂർണ്ണ തോതിൽ നടപ്പിലാക്കുന്നതാണ്.

(ഇ) മത്സ്യത്തൊഴിലാളികളുടെ ജീവിത നിലവാരം മോശമായിക്കൊണ്ടിരിക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

മീനാകുമാരി കമ്മീഷൻ റിപ്പോർട്ട്

85 [1064] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യബന്ധന മേഖലയിലെ പ്രശ്നങ്ങളെപ്പറ്റി പഠിക്കുന്നതിനുവേണ്ടി ഗവൺമെന്റ് നിയോഗിച്ച മീനാകുമാരി കമ്മീഷന്റെ റിപ്പോർട്ട് ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത കമ്മീഷൻ റിപ്പോർട്ടിന്റെ ഒരു പകർപ്പ് ലഭ്യമാക്കുമോ; ഈ റിപ്പോർട്ടിന്മേൽ ഗവൺമെന്റ് കൈക്കൊണ്ട നടപടികൾ വിശദീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരുന്നു.

മത്സ്യത്തൊഴിലാളികൾക്ക് ക്ഷേമനിധി ബോർഡിൽ നിന്നും നൽകിവരുന്ന ആനുകൂല്യങ്ങൾ

86 [1065] ശ്രീ. തോമസ് ചാഴികാടൻ:
„ കെ. നാരായണക്കുറുപ്പ്:
„ റോഷി അഗസ്റ്റിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികൾക്ക് ക്ഷേമനിധി ബോർഡിൽ നിന്നും നിലവിൽ നൽകി വരുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ;

(ബി) ഈ ആനുകൂല്യങ്ങൾ കൃത്യമായി വിതരണം ചെയ്യുന്നുണ്ടോ എന്ന് വെളിപ്പെടുത്താമോ;

(സി) ഈ ഇനത്തിലുള്ള കുടിശ്ശിക എത്രയാണെന്ന് വ്യക്തമാക്കുമോ;

(ഡി) കുടിശ്ശികത്തുക പൂർണ്ണമായും വിതരണം ചെയ്യാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ആനുകൂല്യങ്ങളുടെ പട്ടിക അനുബന്ധം 10-ൽ ചേർത്തിരിക്കുന്നു.†

† അനുബന്ധം 10

LIBRARY ARCHIVES Kerala Legislative Assembly